# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **1110** **06.06.2018** ലെ മറുപടി

**ചീക്കോട് ജലനിധി കുടിവെള്ള പദ്ധതി**

ചോദ്യം

**ശ്രീ. അബ്ദുൽ ഹമീദ് പി.**

മറുപടി

**ശ്രീ. മാത്യു. ടി. തോമസ്**
**(ബഹു. ജലവിഭവ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | മലപ്പുറം ജില്ലയിലെ ചീക്കോട് ജലനിധി കുടിവെള്ള പദ്ധതിയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | എ. ഇല്ല |
| ബി | പള്ളിക്കൽ ഗ്രാമപഞ്ചായത്തിനാവശ്യമായ കുടിവെള്ളം പുളിക്കൽ വലിയപറമ്പിലെ ജലസംഭരണിയിൽ ശേഖരിക്കുന്നുണ്ടോ; | ബി. ഉണ്ട് |
| സി | പ്രസ്തുത ജലസംഭരണിയിൽ നിന്നും കുടിവെള്ളം പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് എത്തിക്കുന്നതിന് വിതരണ ലൈൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ? | സി. NABARD RIDF -19 -ൽ ഉൾപ്പെടുത്തി 12.54 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി പുളിക്കൽ പഞ്ചായത്തിലെ വിതരണശൃംഖലയും പള്ളിക്കൽ പഞ്ചായത്തിലേക്കുള്ള പൈപ്പ് ലൈനും സ്ഥാപിച്ചു വരുന്നു. ഈ പ്രവൃത്തിക്ക് കരാറുകാരനുമായി 14.10.2015- ന് എഗ്രിമെന്റ് വെച്ചതാണ്. റോഡ് കട്ടിംഗ് അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി വൈകുകയും എന്നാൽ ഇപ്പോൾ പി.ഡബ്ല്യു.ഡി ആവശ്യപ്പെട്ട 191 ലക്ഷം രൂപയിൽ 125 ലക്ഷം രൂപ അടവാക്കിയ മുറക്ക് ഭാഗികമായി അനുമതി ലഭിച്ചിട്ടുണ്ട്. അനുമതി ലഭിച്ച ഭാഗത്ത് പൈപ്പ് ലൈൻ പ്രവൃത്തി ഈ വർഷം മഴക്കാല റോഡ് കട്ടിംഗ് നിയന്ത്രണം തീരുന്ന മുറക്ക് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ